**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2737** **22-01-2021 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ ,<br>ശ്രീ. ചിറ്റയം ഗോപകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽ കുമാർ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കാട്ടിൽനിന്നും നാട്ടിലിറങ്ങി ജീവനും, സ്വത്തിനും, കൃഷിയ്ക്കും നാശനഷ്ടം ഉണ്ടാക്കുന്ന വന്യജീവികളിൽനിന്നും കർഷകരെ സംരക്ഷിക്കണമെന്ന സർക്കാർ തീരുമാനം അനുസരിച്ച് വനം വകുപ്പ് ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.- വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ വാസ്പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൌരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. 1.വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന 15 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിക്കുന്നുണ്ട്. 2. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം. 3. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റി-ലൊക്കേറ്റ് ചെയ്യുന്നു. 4. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശ വാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ. 5. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ. 6. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന |

| | | | |
|---|---|---|---|
| | | | വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ. 7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ. 8. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. കൂടാതെ, കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലാൻ മാർഗ്ഗനിർദ്ദേശം പ്രഖ്യാപിച്ച് 18.05.2020-ൽ G.O(Rt) No.111/2020/F&WLD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 6 മാസമാണ്. പ്രസ്തുത ഉത്തരവിന്റെ കാലാവധി 17.11.2020-ൽ അവസാനിച്ച സാഹചര്യത്തിൽ അനുമതി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു കൊണ്ട് സ.ഉ.(സാധാ) 284/2020/വനം തീയതി 18.11.2020 പ്രകാരം സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ഇത് മാത്രമല്ല, കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശ നഷ്ടം വരുത്തുന്ന എല്ലാ കാട്ടുപന്നികളെയും നശിപ്പിക്കാൻ കർഷകർക്ക് അനുമതി നൽകികൊണ്ട് 11.01.2021-ലെ സ.ഉ. (സാധാ). 05/2021/വനം പ്രകാരം പുതിയ സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടില്ല |
| (സി) | വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവർക്കും സ്ഥിരം അംഗവൈകല്യം സംഭവിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം ഈ സർക്കാർ ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഈ സർക്കാരിന്റെ കാലത്ത് 05.04.2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവരുടെ അവകാശികൾക്ക് നിലവിലുണ്ടായിരുന്ന 5 ലക്ഷം രൂപ 1 0 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതും വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ എന്നത് 2 ലക്ഷം രൂപ ആയും ഉയർത്തിയിട്ടുള്ളതും സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്കുള്ള നഷ്ടപരിഹാരത്തുക 75,000/- രൂപയിൽ നിന്നും 2 ലക്ഷം രൂപയായും ഉയർത്തിയിട്ടുള്ളതാണ് |
| (ഡി) | വയനാട് കൊളവള്ളിയിൽ കടുവയിറങ്ങി വനപാലകരെ ആക്രമിച്ച സംഭവത്തിൽ കടുവയെ | (ഡി) | സൌത്ത് വയനാട് വനഡിവിഷനിലെ ചെതലത്ത് റെയിഞ്ചിൽ വരുന്ന കൊളവള്ളിയിലെ ജനവാസ |

| | | | |
|---|---|---|---|
| | പിടികൂടുന്നതിനും ജനങ്ങൾക്ക് സുരക്ഷ നല്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | മേഖലയിൽ കടുവ ഇറങ്ങുകയും വനപാലകരെ ആക്രമിക്കുകയും ചെയ്ത സംഭവത്തിൽ കടുവയെ പിടികൂടുന്നതിന് 10.01.2021-ന് രാത്രിയിൽ രണ്ട് കൂടും 11.01.2021-ന് ഒരു കൂടും സ്ഥാപിച്ചു. കൂടാതെ, ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് ടി പ്രദേശത്ത് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ നോർത്ത് വയനാട് ഡിവിഷൻ, സൗത്ത് വയനാട് ഡിവിഷൻ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ഫ്ളയിംഗ് സ്ക്വാഡ്. ആർ.ആർ.റ്റി. സ്ക്വാഡ് എന്നിവയിലെ വനപാലകരെ ഏകോപിപ്പിച്ച് കൊണ്ട് സ്പെഷ്യൽ ടീം രൂപികരിച്ച് തെരച്ചിൽ നടത്തുകയും ചെയ്തു. കടുവ കൂട്ടിൽ കയറാത്തതിനാൽ 12.01.2021-ന് കടുവയെ മയക്ക് വെടിവച്ച് പിടികൂടാൻ ശ്രമിക്കുന്നതിനിടെ കേരള കർണ്ണാടക അതിർത്തിയിലെ കന്നാരംപുഴ കടന്ന് കടുവ ബന്ദിപ്പൂർ കടുവാ സങ്കേതത്തിലേയ്ക്ക് കടക്കുകയാണുണ്ടായത്. ഇക്കാര്യം ബന്ദിപ്പൂർ കടുവാസങ്കേതം അധികാരികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ടി പ്രദേശത്തെ കാടുമൂടി കിടക്കുന്ന സ്വകാര്യ സ്ഥലങ്ങളിലെ അടിക്കാടുകൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ടി പ്രദേശത്ത് രാവും പകലും പ്രത്യേക പെട്രോളിംഗ് നടത്തി പ്രദേശത്തെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ